No.CEE/1122/3LLB-2021 /TA3

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

**പത്രക്കുറിപ്പ്**

**ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം – 2021 സാമുദായിക/പ്രത്യേക/ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണത്തിന് അർഹരായവരുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2021-ലെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'Three Year LL.B 2021- Candidate Portal' ൽ പ്രവേശിച്ച് കാറ്റഗറി ലിസ്റ്റ് പരിശോധിച്ച് ലിസ്റ്റിലെ അവരവരുടെ സ്ഥാനം ബോധ്യപ്പെടേണ്ടതാണ്.

പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരം കേരളീയനായ (Kerala Origin) വിദ്യാർത്ഥികൾക്ക് മാത്രമാണ് സംവരണ ആനുകൂല്യത്തിനും, ഫീസ് ആനുകൂല്യത്തിനും അർഹതയുള്ളത്. സാധുവായ അനുബന്ധ രേഖകൾ 20.09.2021 വൈകുന്നേരം 5.00 മണിയ്ക്കുള്ളിൽ (18.09.2021 ലെ വിജ്ഞാപനം അനുസരിച്ച്) അപ്‌ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളുടെ സംവരണാനുകൂല്യം തടഞ്ഞിട്ടുണ്ട്. അത്തരം വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി തദ്ദനുസരണം തുടർന്നുള്ള അലോട്ട്മെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നം. 0471 2525300**

തിരുവനന്തപുരം
23.09.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**